ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ടോമാകെയർ സെന്റർ 5 നിലകളിലായി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിൽ 2 നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു പ്രവൃത്തിപഥത്തിൽ എത്തിക്കുവാനാണ് ശ്രമിക്കുന്നത്. പ്രസ്തുത ടോമാ കെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഫൈല ഓവർ സംവിധാനം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

സി.എച്ച്.സി.-കളായി പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകളുടെ പ്രവർത്തനം

196 (3223) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളുടെ അധീനതയിലുള്ള സി.എച്ച്.സി.- കളായി പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ?

മിക്ക എക്സ്റ്റൻഷൻ കേന്ദ്രങ്ങളും അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള തോളൂർ സാമൂഹികാരോഗ്യ കേന്ദ്രം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(ബി) ഇത്തരം സ്ഥാപനങ്ങളിലെ എച്ച്.എം.സി. ചെയർമാൻ പദവി ആരാണ് വഹിക്കുന്നത്?

ഇത്തരം സ്ഥാപനങ്ങളിലെ എച്ച്.എം.സി. ചെയർമാൻ പദവി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റുമാരാണ് വഹിക്കുന്നത്.

(സി) ഈ സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതുമൂലം പണം ചെലവഴിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് ഒബ്ജക്ഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly